**പതിമൂന്നാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## പതിനേഴാമത് റിപ്പോർട്ട്

(2014 ഡിസംബർ മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2004-06), പത്തനംതിട്ട ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളും പട്ടികജാതി പട്ടികവർഗ്ഗ കോളനികളും സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

**പതിനേഴാമത് റിപ്പോർട്ട്**

(2014 ഡിസംബർ മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2004-06), പത്തനംതിട്ട ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളും പട്ടികജാതി പട്ടികവർഗ്ഗ കോളനികളും സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]**

10/2015.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# മുഖവുര

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ഡിസംബർ 11-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

**വി. പി. സജീന്ദ്രൻ,**
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 17.

# റിപ്പോർട്ട്

## അദ്ധ്യായം I

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2004-06)യുടെ അഞ്ചാമത് റിപ്പോർട്ട് (പത്തനംതിട്ട ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളും പട്ടികജാതി പട്ടികവർഗ്ഗ കോളനികളും സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്) 2004 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ പത്തനംതിട്ട ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളുടെയും പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെയും നവീകരണത്തിന് സഹായകരമായ 22 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിരുന്നത്.

2. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ കോപ്പികൾ 7-10-2004-ൽ സർക്കാരിലേക്ക് അയച്ചുകൊടുത്ത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ ബന്ധപ്പെട്ട് വകുപ്പുകൾ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടുകയുണ്ടായി. അതിൻപ്രകാരം സർക്കാർ ലഭ്യമാക്കിയ മറുപടി സമിതിയുടെ 12-1-2006, 8-1-2009, 24-11-2009, 13-8-2014 എന്നീ തീയതികളിലെ യോഗങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ (2004-06) അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ നമ്പർ 1 (ഖണ്ഡിക 4)

കോഴ്സ് തുടങ്ങി മാസങ്ങൾ കഴിഞ്ഞിട്ടും അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്ന പ്രവണത ശരിയല്ലെന്നും ഐ.ടി.സി./ഐ.ടി.ഐ.കൾക്ക് അനുവദിക്കുന്ന തുക അതതു വർഷംതന്നെ കൊടുത്തുതീർക്കാൻ കഴിയണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(10-11-2010-ലെ 19207/എ 1/10/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പത്തനംതിട്ട ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള ഐ.റ്റി.സി.കളിൽ ട്രെയിനിംഗ് കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ പ്രവേശനം പൂർത്തീകരിക്കുകയും പരിശീലനാർത്ഥികൾക്ക് അർഹതപ്പെട്ട വിദ്യാഭ്യാസാനുകൂല്യം യഥാസമയം നൽകിവരുകയും ചെയ്യുന്നുണ്ട്.

<u>ശിപാർശ നമ്പർ 2 (ഖണ്ഡിക 5)</u>

നാല്, ഏഴ് ക്ലാസ്സുകളിൽ പഠിക്കുന്ന സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒരു മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീമിനായി ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള 3 ലക്ഷം രൂപ ആറ് മാസം കഴിഞ്ഞിട്ടും അർഹതപ്പെട്ട കുട്ടികൾക്ക് നൽകിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. പണം കിട്ടിയശേഷം അർഹതപ്പെട്ട കുട്ടികളുടെ വിശദാംശം അന്വേഷിക്കുന്നതുമൂലമാണ് ഇത്തരം കാലതാമസം ഉണ്ടാകുന്നതെന്നും വിദ്യാഭ്യാസകാര്യങ്ങൾക്കുള്ള തുകയെങ്കിലും യഥാസമയം നൽകാൻ കഴിഞ്ഞില്ലെങ്കിൽ ഉദ്ദേശിച്ച ഫലം ലഭിക്കില്ല എന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ പ്രസ്തുത തുക അർഹതപ്പെട്ട കുട്ടികൾക്ക് അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(9-11-2010-ലെ 19208/എ 2/10/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഫണ്ടിന്റെ അപര്യാപ്തതമൂലം 2008-09 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീം പ്രകാരമുള്ള ആനുകൂല്യം പൂർണ്ണമായും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. നടപ്പുവർഷം ഇതിനായി അധിക ഫണ്ട് ലഭ്യമാക്കി അടിയന്തരമായി തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ആനുകൂല്യം വിതരണം ചെയ്യുന്നതിൽ മുൻവർഷങ്ങളിൽ കുടിശ്ശികയില്ല.

<u>ശിപാർശ നമ്പർ 3 (ഖണ്ഡിക 6)</u>

ഹോസ്റ്റലുകളിൽ കുട്ടികൾ ചേരുമ്പോൾതന്നെ അവർക്കാവശ്യമുള്ള യൂണിഫോം, കിടക്ക എന്നിവ വാങ്ങിവെയ്ക്കാൻ ശ്രദ്ധിക്കണമെന്നും ജില്ലാ ആഫീസർ അവർക്ക് പരിഹരിക്കുവാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങൾ റിവ്യൂ നടത്തി ജില്ലാ കളക്ടറുടെ സഹായത്തോടെ പരിഹരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(18-9-2008-ലെ 20762/ബി2/04/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പത്തനംതിട്ട ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് മെച്ചപ്പെട്ട സൗകര്യം നൽകുന്നതിന് വകുപ്പും, ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികൾക്കാവശ്യമായ മെത്ത, തലയണ, കട്ടിലുകൾ എല്ലാംതന്നെ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മെനുവനുസരിച്ചുള്ള മെച്ചപ്പെട്ട ആഹാരം കൃത്യതയോടെ നൽകിവരുന്നുണ്ട്. വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ യൂണിഫോം കുട്ടികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 4 (ഖണ്ഡിക 7)

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഇടയിൽ സാമ്പത്തിക പുരോഗതിക്ക് തടസ്സം നിൽക്കുന്ന മദ്യവിപത്ത് അവസാനിപ്പിക്കുന്നതിന് പോലീസ് വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി പ്രവർത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആഭ്യന്തര വകുപ്പിന്റെ മറുപടി

(18-5-2005-ലെ 61064/ഡി2/04/ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ശിപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് എല്ലാ റേഞ്ച് പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർക്കും ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും സിറ്റി പോലീസ് കമ്മീഷണർമാർക്കും പോലീസ് ഡയറക്ടർ ജനറൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

സമിതി ആരാഞ്ഞ അധികവിവരം

യഥാസമയം മോണിറ്ററിംഗ് കമ്മിറ്റി കൂടി റിപ്പോർട്ട് നൽകാറുണ്ടോ ?

അധികവിവരത്തിന്മേലുള്ള ആഭ്യന്തര വകുപ്പിന്റെ റിപ്പോർട്ട്

(25-3-2008-ലെ 47649/ഡി2/07/ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി പട്ടികവർഗ്ഗ മോണിറ്ററിംഗ് കമ്മിറ്റി യഥാസമയം കൂടി ആയതിന്റെ റിപ്പോർട്ട് കൃത്യമായി അയയ്ക്കുന്നുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഇടയിൽ സാമ്പത്തിക പുരോഗതിക്ക് തടസ്സം നില്ക്കുന്ന മദ്യവില്പന അവസാനിപ്പിക്കുന്നതിന് പോലീസ് വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി പ്രവർത്തിക്കുന്നതിനും അടുത്ത മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ എക്സൈസ് വകുപ്പിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഡി.ജി.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ മദ്യവില്പനയും നിർമ്മാണവും അവസാനിപ്പിക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്യുന്നതായും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിന്മേൽ സമിതി ആരാഞ്ഞ അധികവിവരം

എക്സൈസ് വകുപ്പിലെ ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും ആരാഞ്ഞു.

ആഭ്യന്തര വകുപ്പിന്റെ അധികവിവര റിപ്പോർട്ട്

(15-3-2010-ലെ 20569/എം1/09/ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ശിപാർശകളിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ സർക്കിൾതലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും, മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗം കുറയ്ക്കുന്നതിനും അതുവഴി സാമ്പത്തിക ഉന്നമനം നേടുന്നതിനും ആവശ്യമായ

നടപടികൾ പോലീസിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുണ്ടെന്നും വിശേഷ ദിവസങ്ങളിൽ പോലീസ്, എക്സൈസ് വകുപ്പുകൾ സഹകരിച്ച് റെയ്ഡ് നടത്തി അനധികൃത മദ്യവിൽപ്പന നിയന്ത്രിച്ചിട്ടുള്ളതും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുള്ളതും, ആയത് തുടർന്നുവരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശിപാർശയിന്മേലുള്ള നികുതി വകുപ്പിന്റെ മറുപടി

(5-10-2009-ലെ 3824/ജി2/09/നി.വ. കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ പോലീസ് വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി റെയ്ഡുകൾ നടത്തിവരുന്നു. കൂടാതെ, ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി എക്സൈസ് വകുപ്പ് സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും ജില്ലയിലെ പ്രധാനപ്പെട്ട കോളനികൾ കേന്ദ്രീകരിച്ച് നടത്തിവരുന്നു. ഇരവിപേരൂർ പഞ്ചായത്തിലെ കോഴിമല കോളനിയിൽ എക്സൈസും പോലീസും കോളനി നിവാസികളുമായി ചേർന്ന് ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനം മറ്റ് കോളനികളിലേക്കും വ്യാപിപ്പിക്കുന്നതുമാണ്.

<u>ശിപാർശ നമ്പർ 5 (ഖണ്ഡിക 8)</u>

1-1-1997-ന് മുൻപ് ഭൂമി കൈവശത്തിലുള്ളവരും ഇപ്പോൾ അവിടെ താമസിക്കുന്നവരുമായവരുടെ കാര്യത്തിൽ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

റവന്യൂ വകുപ്പിന്റെ മറുപടി

(23-5-2005-ലെ 86406/പി2/04/റവന്യൂ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1980-ന് മുൻപ് മുതൽ വനത്തിൽ താമസിക്കുന്ന 680 ആദിവാസി കുടുംബങ്ങൾക്ക് പത്തനംതിട്ട ജില്ലയിൽ കൈവശരേഖ നല്കിയിട്ടുണ്ട്. ഇതിൽ, റാന്നി താലൂക്കിൽപ്പെടുന്ന 650 ആദിവാസി കുടുംബങ്ങളും ഉൾപ്പെടുന്നുണ്ട്. കൂടാതെ, 1980-ന് മുൻപ് വനത്തിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളിൽ 118 പേർക്കുകൂടി കൈവശരേഖ നല്കാനുണ്ടെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ, റാന്നി താലൂക്കിൽപ്പെടുന്ന 87 കുടുംബങ്ങളും ഉൾപ്പെടുന്നുണ്ട്. ടി കുടുംബങ്ങൾക്ക് കൈവശരേഖ നല്കുന്നത് സംബന്ധിച്ച അനന്തര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ജില്ലയിൽ ഇനിയും കൈവശരേഖ നൽകുവാനുള്ള ആദിവാസി കുടുംബങ്ങൾക്ക് കൈവശരേഖ നൽകുന്നതിന് സ്വീകരിച്ച അനന്തര നടപടി സംബന്ധിച്ച വിവരം ലഭ്യമാക്കുക.

റവന്യൂ വകുപ്പിന്റെ അധികവിവര റിപ്പോർട്ട്

(13-8-2009-ലെ 28295/പി2/06/റവന്യൂ നമ്പർ കത്ത് മുഖേന ലഭിച്ചത്)

റാന്നി താലൂക്കിൽ 777 ആദിവാസികൾക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. 1-1-1977-ന് മുമ്പ് ഭൂമി കൈവശത്തിലുള്ളതും സംയുക്ത പരിശോധന നടത്തിയിട്ടുള്ളതുമായ കേസിൽ ഇനിയും 18 പേർക്ക് റാന്നി താലൂക്കിൽ കൈവശരേഖ നൽകാനുണ്ട്. കോഴഞ്ചേരി താലൂക്കിൽ 45 കൈവശരേഖകൾ നൽകിയിട്ടുണ്ട്. കൂടാതെ 8 ആദിവാസി പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ടി താലൂക്കിൽ 50 പേർക്കുകൂടി കൈവശരേഖ നൽകുവാനുണ്ട്. ടി കുടുംബങ്ങൾക്ക് കൈവശരേഖ നൽകുന്നത് സംബന്ധിച്ച് അനന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

അധികവിവരത്തിന്മേൽ സമിതി ആരാഞ്ഞ വിവരം

റാന്നി താലൂക്കിൽ ഭൂമിക്ക് കൈവശരേഖ നൽകുന്നത് സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ.

സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ ലഭ്യമായ മറുപടി

(22-2-2010-ലെ 11505/ആർ 1/09/റവന്യൂ നമ്പർ കത്ത് മുഖേന ലഭിച്ചത്)

1-1-1977-ന് മുമ്പുള്ള വനഭൂമി കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി ഇടുക്കി ജില്ലയിലെ കമ്പകല്ലിൽ നീലക്കുറിഞ്ഞി സാങ്ചറിയായി മാറ്റിവച്ചിട്ടുള്ള 8000 ഏക്കർ ഭൂമി പരിഹാര വനവൽക്കരണത്തിനുള്ള ഭൂമിയായി കണക്കാക്കി കേന്ദ്രാനുമതി വാങ്ങുന്നതിന് റവന്യൂ വനം വകുപ്പ് സംയുക്ത അപേക്ഷ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുവാൻ 31-8-2009-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 346/09/റവന്യൂ പ്രകാരം ഉത്തരവായിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള നടപടികൾ നടന്നുവരുന്നതായും ആദിവാസി വനഭൂമി കൈവശക്കാർക്ക് അവകാശം സ്ഥാപിച്ച് നൽകുവാൻ വനാവകാശ നിയമം 2006-ലെ നിയമങ്ങൾ അനുസരിച്ചും നടപടികൾ നടന്നുവരുന്നതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശിപാർശ നമ്പർ 6 (ഖണ്ഡിക 9)

110 പേർക്കുകൂടി ഭൂമി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

റവന്യൂ വകുപ്പിന്റെ മറുപടി

(23-5-2005-ലെ 86406/പി2/01/റവന്യൂ നമ്പർ കത്ത് മുഖേന ലഭിച്ചത്)

പത്തനംതിട്ട ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണ ത്തിനായി വിവിധ എസ്റ്റേറ്റുകൾക്ക് പാട്ടത്തിനായി നല്കിയിരുന്നു. 296.26 ഏക്കർ സ്ഥലം ഏറ്റെടുത്ത് നല്കുന്നതിന് ഉത്തരവ് നല്കിയിട്ടുണ്ട്. 296.26 ഏക്കർ സ്ഥലത്തിൽ റാന്നി താലൂക്കിൽ കൊല്ലമുള്ള വില്ലേജിൽ എൻ.എസ്.എസിന് പാട്ടത്തിന് നല്കിയിട്ടുള്ള 256.13 ഏക്കർ സ്ഥലത്തിന് പകരം മറ്റേതെങ്കിലും സ്ഥലം കണ്ടെത്തുന്നതിന് പത്തനംതിട്ട കളക്ടറെ അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള എസ്റ്റേറ്റുകൾക്ക് പാട്ടത്തിന് നല്കിയിട്ടുള്ള

10.87 ഏക്കർ സ്ഥലം പാട്ടം റദ്ദ ചെയ്ത് ഏറ്റെടുത്ത് സംരക്ഷിച്ചിട്ടുള്ളതാണ്.

റവന്യൂ വകുപ്പിന്റെ തുടർ മറുപടി

(22-2-2010-ലെ 11505/ആർ 1/09/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ജില്ലയിൽ ആദിവാസി പുനരധിവാസ വികസന മിഷൻ അംഗീകരിച്ച 133 ഭൂരഹിത ആദിവാസികളാണ് ഉള്ളതെന്നും, വടശ്ശേരിക്കര വില്ലേജിലും ഏനാദിമംഗലം വില്ലേജിലും ആകെ 21 ആദിവാസികൾക്കായി 17.70 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും, ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് ഭൂരഹിതരായ മറ്റ് ആദിവാസികൾക്കും ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ജില്ലാ കളക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

ശിപാർശ നമ്പർ 7 (ഖണ്ഡിക 10)

പട്ടികജാതി പട്ടികവർഗ്ഗക്കാർ താമസിക്കുന്ന സ്ഥലത്തുള്ള ആശുപത്രികൾക്ക് മരുന്ന് വിതരണത്തിൽ മുൻഗണന നൽകുന്നകാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(2-8-2005-ലെ 21328/ഡി1/04/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പത്തനംതിട്ട ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർ താമസിക്കുന്ന സ്ഥലത്തുള്ള ആശുപത്രികൾക്ക് മരുന്ന് വിതരണത്തിൽ മുൻഗണന നൽകുന്നകാര്യം 'ഔഷധിയുടെ' ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടർ നൽകിയിട്ടുണ്ട്.

ശിപാർശ നമ്പർ 8 (ഖണ്ഡിക 11)

യഥാസമയം വൈദ്യുതീകരണം നടക്കാതിരുന്നത് എന്തുകൊണ്ടാണ് എന്ന് അന്വേഷിക്കാതിരുന്നതും ഫണ്ട് അനുവദിച്ച വിവരം വൈദ്യുതി ബോർഡിനെ അറിയിക്കാതെ ഡി.ഡി. എടുത്തുവച്ച നടപടി പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ അലംഭാവമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇത് സംബന്ധിച്ച് അന്വേഷണം നടത്തി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൂട്ടായ തീരുമാനമെടുത്ത് കോളനികൾ വൈദ്യുതീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഡി.ഡി. അടയ്ക്കാത്തതുമൂലം കണക്ഷൻ നൽകാൻ കഴിയാത്ത കേസ്സുകൾ റിവ്യൂ നടത്തി വൈദ്യുതി ബോർഡുമായി ആലോചിച്ച് പരിഹാരം കാണണമെന്നും മെറ്റീരിയൽസ് കിട്ടാനുള്ള ബുദ്ധിമുട്ടുമൂലം പണി തുടങ്ങാൻ സാധിക്കുന്നില്ലെങ്കിൽ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(8-12-2010-ലെ 20788/ഇ 1/04/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പത്തനംതിട്ട ജില്ലയിലെ വൈദ്യുതീകരിക്കാൻ അവശേഷിച്ചിരുന്ന കുറുമ്പൻമൂഴി

മണക്കയം കോളനി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽപ്പെടുത്തി വൈദ്യുതീകരിച്ചു കഴിഞ്ഞു. ചിപ്പൻകുഴി പട്ടികവർഗ്ഗ സങ്കേതം വൈദ്യുതീകരിക്കുന്നതിനായി വനം വകുപ്പും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും സംയുക്ത പരിശോധന നടത്തുകയും ഇതിന് PMGVY പദ്ധതി പ്രകാരം അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ആവണിപ്പാറ, മണ്ണീറ കോളനികൾ വൈദ്യുതീകരിച്ചിട്ടില്ല. മേൽ പദ്ധതികളെല്ലാം വൈദ്യുത വകുപ്പ് തനത് ഫണ്ടിൽ നിന്നുമാണ് നടപ്പിലാക്കിവരുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(20-6-2011-ലെ 2184/ഡി.ബി3/06/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പത്തനംതിട്ട ജില്ലയിൽ ആവണിപ്പാറ ഗിരിജൻ കോളനി-അരുവാപ്പുലം ഗ്രാമപഞ്ചായത്ത് മണ്ണീറ-തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്, മണക്കയം-നാറാണംമൂഴി ഗ്രാമപഞ്ചായത്ത്, ചിപ്പൻകുഴി-സീതത്തോട് ഗ്രാമപഞ്ചായത്ത് എന്നീ കോളനികൾ മാത്രമാണ് വൈദ്യുതീകരിക്കുവാൻ അവശേഷിച്ചിരുന്നത്. വനത്തിൽക്കൂടി വൈദ്യുതി ലൈൻ ദീർഘിപ്പിക്കേണ്ടിയിരുന്നതിനാലാണ് ഇവിടങ്ങളിൽ വൈദ്യുതീകരണം താമസിച്ചത്. ഈ കോളനികളും വൈദ്യുതീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഊർജ്ജ വകുപ്പിന്റെ മറുപടി

(16-6-2014-ലെ 10568/സി1/04/ഊവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

തണ്ണിത്തോട് ഗ്രാമപഞ്ചായത്തിലെ മണ്ണീറ ഗിരിജൻ കോളനി വൈദ്യുതീകരണം ആർ.ജി.വി.വൈ.യുടെ 11-ാം പദ്ധതിയിൽ ഉൾപ്പെടുത്തിയും നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ കുറുമ്പൻമൂഴി മണക്കയം സെറ്റിൽമെന്റ് കോളനി വൈദ്യുതീകരണം റാന്നി നിയോജകമണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിൽ ഉൾപ്പെടുത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

സീതത്തോട് വില്ലേജിലെ ചിപ്പൻകുഴി കോളനി വൈദ്യുതീകരണം ആർ.ജി.ജി.വി.വൈ.യുടെ 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് കോളനിയുടെ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതാണ്.

അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ ആവണിപ്പാറ ഗിരിജൻ കോളനി വൈദ്യുതീകരണത്തിനായി 9 കിലോമീറ്റർ യു.ജി. കേബിൾ വനത്തിൽക്കൂടി വലിക്കേണ്ടതുണ്ട്. ഇത് Gaps in Sub Transmission and Distribution Segment-ൽ ഉൾപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ നമ്പർ 9 (ഖണ്ഡിക 12)

ഫണ്ടിന്റെ അപര്യാപ്തതമൂലം മുടങ്ങിക്കിടക്കുന്ന പണികൾ പൂർത്തിയാക്കുന്നതിന് എം.പി. ഫണ്ടിൽ നിന്നോ എം.എൽ.എ. ഫണ്ടിൽ നിന്നോ പണം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ജില്ലാ അഡ്വൈസറി കമ്മിറ്റി കാലാകാലങ്ങളിൽ കൂടാത്തതുമൂലം ഇവിടെ നടക്കുന്ന വികസന

പ്രവർത്തനങ്ങൾക്ക് യാതൊരുവിധ ഏകീകരണവുമില്ല എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. കുടിവെള്ള വിതരണം പോലെ പ്രധാനപ്പെട്ട മേഖലകൾക്കായി ഗവൺമെന്റിൽനിന്നും അനുവദിക്കുന്ന പണം അർഹതപ്പെട്ടവർക്ക് ലഭിക്കാതെപോകുന്ന സ്ഥിതിവിശേഷമാണ് ജില്ലയിലുള്ളതെന്നും ഇതിന് പരിഹാരം കാണുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന ഫണ്ടിനെക്കുറിച്ച് ജില്ലാതലത്തിൽ തന്നെ ഒരു ധാരണ ആവശ്യമാണെന്നും ഫണ്ട് യഥാർത്ഥ ഗുണഭോക്താവിനുതന്നെ ലഭിക്കുന്നതിനായി ഓരോ വകുപ്പും കാര്യക്ഷമമായി പ്രവർത്തിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(9-2-2009-ലെ 20788/ഇ 1/04/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പത്തനംതിട്ട ജില്ലാ അഡ്വൈസറി കമ്മിറ്റി ഇപ്പോൾ യഥാസമയം തന്നെ കൂടാറുണ്ടെന്നും കുടിവെള്ളം, വൈദ്യുതി എന്നീ മേഖലകളിൽ ഗവൺമെന്റിൽ നിന്നും അനുവദിക്കുന്ന ധനസഹായം അർഹതപ്പെട്ടവർക്ക് ലഭിക്കാതെപോകുന്ന അവസ്ഥ ഇപ്പോൾ ഉണ്ടാകാറില്ല എന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കാത്തതിനാൽ പണി പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ ഒന്നുംതന്നെ നിലവിലില്ലായെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(20-6-2014-ലെ 2184/ഡി.ബി3/06/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി കോളനികളിൽ/സങ്കേതങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് വിവിധ പദ്ധതികൾ ജല അതോറിറ്റിവഴി നടപ്പിലാക്കുന്നുണ്ട്. ചില കോളനികളിൽ/സങ്കേതങ്ങളിൽ പ്രത്യേക ഘടക പദ്ധതിയിൽ കുടിവെള്ളം/വൈദ്യുതി എത്തിക്കാൻ കഴിയാത്തത് ഫീസിബിലിറ്റി സംബന്ധിച്ച നിലവിലുള്ള മാനദണ്ഡം അനുസരിച്ചാണ്. ഇക്കാര്യങ്ങൾ ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതി യോഗം പരിശോധിക്കുന്നുണ്ട്. ഗവൺമെന്റിൽ നിന്നും ഈ മേഖലയിൽ അനുവദിക്കുന്ന പണം അർഹതപ്പെട്ടവർക്ക് ലഭിക്കാതെപോകുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് ജില്ലാ സമിതിയും വകുപ്പിലെ ഉദ്യോഗസ്ഥരും പരമാവധി ശ്രമിക്കുകയും ശ്രദ്ധയിൽപ്പെടുന്ന കാര്യം ഉടൻതന്നെ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്തുവരുന്നുണ്ട്.

ധനകാര്യ വകുപ്പിന്റെ മറുപടി

(18-5-2013-ലെ 38936/എൻ.സി.ബി1/13/ധനം നമ്പർ കത്ത് മുഖേന ലഭിച്ചത്)

ജില്ലകളിൽ ഇത്തരത്തിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ അടിയന്തരമായി ബന്ധപ്പെട്ട എം.എൽ.എ.മാരുടെ ശ്രദ്ധയിൽപ്പെടുത്തി എം.എൽ.എ.യുടെ നിർദ്ദേശ ത്തിനും, എം.എൽ.എ. ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖാ നിർദ്ദേശ ങ്ങൾക്കും വിധേയമായി പൂർത്തീകരിക്കാനുള്ള ശ്രമം നടത്തണമെന്ന് 9-5-2013-ലെ

38936/എൻ.സി.ബി1/2013/ധന. നമ്പർ കത്ത് പ്രകാരം എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ നമ്പർ 10 (ഖണ്ഡിക 14)

ഹോസ്റ്റലിന് ചുറ്റുമതിൽ കെട്ടി സുരക്ഷ ഉറപ്പുവരുത്തണമെന്നും തകരാറായ ജനലുകൾ മാറ്റിസ്ഥാപിക്കണമെന്നും കുട്ടികൾക്ക് നൽകിയിട്ടുള്ള തകരപ്പെട്ടികൾ മാറ്റി പുതിയ തടിപ്പെട്ടികൾ നൽകണമെന്നും തകരാറായ ടെലിവിഷൻ പ്രവർത്തനക്ഷമമാക്കണമെന്നും ട്യൂഷൻ നൽകുന്നതിന് അടിയന്തരമായി ടീച്ചറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു [അടൂർ പ്രീ മെട്രിക് ഹോസ്റ്റലി (പെൺകുട്ടികൾ)നെ സംബന്ധിച്ചത്].

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(18-9-2008-ലെ 20762/ബി2/04/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

അടൂർ പ്രീ മെട്രിക് ഹോസ്റ്റൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതിനാൽ ചുറ്റുമതിൽ കെട്ടുന്നതിന് സാധിക്കുകയില്ല. ഹോസ്റ്റൽ അന്തേവാസികൾക്ക് തടിപ്പെട്ടികൾ വിതരണം ചെയ്യുകയും ടെലിവിഷൻ പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷത്തെ ട്യൂഷൻ ടീച്ചറെ നിയമിക്കുവാൻ അടൂർ മുനിസിപ്പാലിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. അടൂർ പ്രീ മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് മുനിസിപ്പാലിറ്റി സ്ഥലം കണ്ടെത്തുകയും കെട്ടിടത്തിന്റെ ഒരുനില പണിയുകയും ചെയ്തിട്ടുണ്ട്. ബാക്കി പണികൾ നടത്തുന്നതിന് ഈ വർഷത്തെ മുനിസിപ്പാലിറ്റിയുടെ പദ്ധതിയിൽ തുക ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ നമ്പർ 11 (ഖണ്ഡിക 15)

ഹോസ്റ്റൽ അടിയന്തരമായി കൂടുതൽ സൗകര്യങ്ങളുള്ള മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിനും കുട്ടികൾക്ക് കൊതുകുവല, ഫാൻ, ടി.വി. എന്നിവ ലഭ്യമാക്കുന്നതിനും പഠനമുറികളിൽ ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കുന്നതിനും കണക്ക് വിഷയം പഠിപ്പിക്കുന്ന ടീച്ചറെ മാറ്റി മറ്റൊരു ടീച്ചറെ നിയമിക്കണമെന്നുമുള്ള കുട്ടികളുടെ ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു [പന്തളം പ്രീ മെട്രിക് ഹോസ്റ്റലി (പെൺകുട്ടികൾ)നെ സംബന്ധിച്ചത്].

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(18-9-2008-ലെ 20762/ബി2/04/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഹോസ്റ്റൽ ഇപ്പോൾ പുതിയ വാടകക്കെട്ടിടത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അന്തേവാസികൾക്ക് ഫാൻ, ടെലിവിഷൻ, ലൈറ്റുകൾ, കൊതുകുവല എന്നിവ എല്ലാംതന്നെ വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷത്തെ ട്യൂഷൻ ടീച്ചറെ നിയമിക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ നമ്പർ 12 (ഖണ്ഡിക 16)

റെസിഡന്റ് ട്യൂട്ടറുടെ നിയമനം അടിയന്തരമായി നടത്തുന്നതിനും കുട്ടികൾക്ക് മെച്ചപ്പെട്ട ഭക്ഷണം നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു [വടശ്ശേരിക്കര, മോഡൽ റെസിഡൻഷ്യൽ സ്കൂളി(ആൺകുട്ടികൾ)നെ സംബന്ധിച്ചത്].

10/2015. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(18-9-2008-ലെ 20762/ബി2/04/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

വടശ്ശേരിക്കര, മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ റെസിഡന്റ് ട്യൂട്ടറെ നിയമിച്ചിട്ടുണ്ട്. കുട്ടികൾക്ക് മെനുവനുസരിച്ച് മെച്ചപ്പെട്ട ഭക്ഷണം നൽകിവരുന്നുണ്ട്. പുതിയതായി ടെലിവിഷൻ, ഗ്രൈൻഡർ എന്നിവ വാങ്ങിയിട്ടുണ്ട്.

ശിപാർശ നമ്പർ 13 (ഖണ്ഡിക 17)

കുട്ടികളെ താമസിപ്പിച്ചിരിക്കുന്ന കെട്ടിടത്തിൽ പഠിക്കുന്നതിനുള്ള സൗകര്യമില്ല. കുട്ടികൾ കിടക്കുന്നതിന് മുകളിലെ ചുവരിൽ ഗ്രിൽ സ്ഥാപിച്ചിരിക്കുന്നതുമൂലം മഴക്കാലത്ത് വെള്ളം കുട്ടികളുടെ ദേഹത്ത് വീഴാൻ സാദ്ധ്യതയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നല്ല കിടക്കകൾ ഉണ്ടായിരിക്കെ ഉപയോഗശൂന്യമായ കിടക്കകൾ കുട്ടികൾക്ക് നൽകിയിരിക്കുന്ന കാര്യവും സ്കൂളിലെ അടുക്കള, ബാത്ത്റൂം എന്നിവയുടെ പരിതാപകരമായ അവസ്ഥയും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇവയ്ക്കെല്ലാം അടിയന്തരമായി പരിഹാരം കാണുന്നതിനും പുതിയ ഹോസ്റ്റൽ പൂർത്തിയാക്കുന്നതുവരെ കുട്ടികൾക്ക് ഉറങ്ങുന്നതിനുള്ള ഹാളിൽ ഗ്രില്ലിന് പുറമേ തണുപ്പ് കയറാത്തവിധം സംവിധാനം ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സ്കൂളിനുണ്ടായിരുന്ന ജീപ്പ് കണ്ടം ചെയ്യാൻ കമ്മിറ്റി എടുത്ത തീരുമാനത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(18-9-2008-ലെ 20762/ബി2/04/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

കുട്ടികളുടെ പുതിയ ഡോർമെട്രി കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. നിലവിലുള്ള ഡോർമെട്രി കെട്ടിടത്തിൽ കുട്ടികളുടെ ദേഹത്ത് വെള്ളം വീഴാതിരിക്കാൻ ബാംബൂപ്ലൈ ഉപയോഗിച്ച് മറച്ചിട്ടുണ്ട്. അടുക്കള, ബാത്ത്റൂം എന്നിവ വൃത്തിയായി സൂക്ഷിക്കുന്നതിന് ഹോസ്റ്റൽ ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളിന്റെ ജീപ്പിന്റെ അറ്റകുറ്റപ്പണികൾക്ക് ധാരാളം തുക ആവശ്യമായി വരുന്നതിനാൽ ബഹുമാനപ്പെട്ട ജില്ലാ കളക്ടർ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ചാണ് വാഹനം കണ്ടം ചെയ്യുവാനും അവശ്യ സന്ദർഭങ്ങളിൽ വാഹനം വാടകയ്ക്ക് എടുക്കുവാനും തീരുമാനിച്ചതെന്ന് സദയം അറിയിക്കുന്നു.

ശിപാർശ നമ്പർ 14 (ഖണ്ഡിക 18)

പുതിയ കെട്ടിടത്തിന് വൈദ്യുതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശിപാർശചെയ്യുന്നു [വടശ്ശേരിക്കര, മോഡൽ റെസിഡൻഷ്യൽ സ്കൂളിനെ(ആൺകുട്ടികൾ) സംബന്ധിച്ചത്].

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(18-9-2008-ലെ 20762/ബി2/04/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പുതിയ കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

ശിപാർശ നമ്പർ 15 (ഖണ്ഡിക 19)

സ്കൂളിന്റെ അപര്യാപ്തതകളിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി സ്കൂളിലെ രണ്ട് വർഷത്തിലേറെ നാളുകളായി തകരാറിലായിരിക്കുന്ന ടെലിവിഷന് പകരം പുതിയത് വാങ്ങണമെന്നും ഗ്രൈൻഡർ എത്രയുംവേഗം റിപ്പയർ ചെയ്യുകയോ പുതിയത് വാങ്ങുകയോ ചെയ്യണമെന്നും സ്കൂളിൽ ഒരു ജനറേറ്റർ വാങ്ങണമെന്നും സ്കൂളിലെ ടെമ്പററി സ്റ്റാഫിനെ മുഴുവൻ പിരിച്ചുവിടുന്നതിനും നിലവിലുള്ള എല്ലാ സ്റ്റാഫിനെയും മാറ്റി പുതിയ നിയമനം നടത്തണമെന്നും ശിപാർശ ചെയ്യുന്നു. കൂടാതെ, കുട്ടികൾക്ക് പി.ടി.ഷൂ വിതരണം ചെയ്യണമെന്നും കായിക കലാരംഗങ്ങളിൽ അഭിരുചി ഉള്ള കുട്ടികൾക്ക് അതിനുള്ള അവസരം നൽകണമെന്നും സ്കൂളിൽ കളിസ്ഥലം നിർമ്മിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കുട്ടികൾക്ക് പഠനയാത്രയ്ക്കുള്ള സൗകര്യം ഒരുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു [വടശ്ശേരിക്കര, മോഡൽ റെസിഡൻഷ്യൽ സ്കൂളിനെ (ആൺകുട്ടികൾ) സംബന്ധിച്ചത്].

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(18-9-2008-ലെ 20762/ബി2/04/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ടെലിവിഷൻ, ഗ്രൈൻഡർ എന്നിവ വാങ്ങിയിട്ടുണ്ട്. ഡോർമെട്രി കെട്ടിടത്തിന്റെ പണി പൂർത്തിയായതിനുശേഷം മൊത്തം കെട്ടിടത്തിന്റെ ആവശ്യത്തിന് ഉതകുന്ന തരത്തിൽ കപ്പാസിറ്റിയുള്ള ജനറേറ്റർ വാങ്ങുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. സ്കൂളിലെ ടെമ്പററി സ്റ്റാഫിനെ മുഴുവൻ പിരിച്ചുവിട്ടിട്ടുണ്ട്. ജനറൽ ട്രാൻസ്ഫറിനോടൊപ്പം നിലവിലുള്ള മറ്റു സ്റ്റാഫിനെ മാറ്റി നിയമനം നൽകുന്നതാണ്. ഫിസിക്കൽ ട്രെയിനിംഗ് ഷൂ വിതരണം ചെയ്തിട്ടുണ്ട്. കലാകായിക രംഗങ്ങളിൽ അഭിരുചിയുള്ളവരെ കണ്ടെത്തി പ്രോത്സാഹനം നൽകിവരുന്നുണ്ട്. സ്കൂളിൽ കളിസ്ഥലം നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. കുട്ടികൾക്ക് പഠനയാത്രാ സൗകര്യം നൽകുന്നതാണ്.

ശിപാർശ നമ്പർ 16 (ഖണ്ഡിക 21)

കോളനിയിലെ റോഡ് വീതി കൂട്ടിയതിന്റെ ഭാഗമായി കോളനി നിവാസികളായ വാസു, പൊടിയൻ എന്നിവരുടെ വീടിനുമുന്നിൽനിന്നും അശാസ്ത്രീയമായി മണ്ണ് നീക്കം

ചെയ്തിരിക്കുന്നതിനെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിന്മേൽ യാഥാർത്ഥ്യം മനസ്സിലാക്കുന്നതിനായി സമിതി പ്രസ്തുത കോളനി സന്ദർശിക്കുകയുണ്ടായി. മണ്ണ് നീക്കം ചെയ്തതിനാൽ പരാതിക്കാരുടെ വീടുകൾക്ക് ബലക്ഷയം സംഭവിക്കുമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു (ആതിരമല ഐ.എച്ച്.ഡി.പി. കോളനിയെ സംബന്ധിച്ചത്).

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(29-10-2009-ലെ 43613/ഡി.എ 3/09/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സമിതി നിർദ്ദേശപ്രകാരം റീടെയിനിംഗ് വാൾ നിർമ്മിച്ചു. ശ്രീ. വാസു, ശ്രീ. പൊടിയൻ എന്നിവരുടെ വീടുകൾക്ക് സംരക്ഷണം നൽകുന്നതിന് പന്തളം ഗ്രാമപഞ്ചായത്ത് 2009-10-ലെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി 7,64,576 രൂപ യുടെ പദ്ധതി തയ്യാറാക്കി ഭരണാനുമതി നൽകി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി പൂർത്തിയാക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(6-4-2010-ലെ 20788/ഇ 1/04/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

കോളനിയിലെ റോഡ് വീതികൂട്ടി പണിതതിന്റെ ഭാഗമായി കോളനി നിവാസികളായ വാസു, പൊടിയൻ എന്നിവരുടെ വീടുകളുടെ മുന്നിൽനിന്നും അശാസ്ത്രീയ മായി മണ്ണ് നീക്കം ചെയ്തതിലുണ്ടായ ബലക്ഷയം ഒഴിവാക്കുന്നതിനായി ടിയാളുടെ വീടിന് മുമ്പിൽ റീടെയിനിംഗ് വാൾ കെട്ടി പണി പൂർത്തീകരിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധികവിവര റിപ്പോർട്ട്

(20-6-2011-ലെ 2184/ഡി.ബി3/06/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ആതിരമല ഐ.എച്ച്.ഡി.പി. കോളനിയിലെ റോഡ് വീതികൂട്ടി പണിതതിന്റെ ഭാഗമായി കോളനി നിവാസികളായ വാസു, പൊടിയൻ എന്നിവരുടെ വീടുകളുടെ മുമ്പിൽ നിന്നും അശാസ്ത്രീയമായി മണ്ണ് നീക്കം ചെയ്തിരിക്കുന്നതിനാലുണ്ടായ ബലക്ഷയം സംഭവിക്കാതിരിക്കുവാൻ വാസു, പൊടിയൻ എന്നിവരുടെ വീടിന് മുമ്പിൽ റീടെയിനിംഗ് വാൾ കെട്ടി പണി പൂർത്തീകരിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 17 (ഖണ്ഡിക 22)

കോളനിയിൽ ഒരു പി.എച്ച്. സെന്റർ അനുവദിക്കുക, ബസ് സർവ്വീസ് പുനരാരംഭിക്കുക, വ്യാജമദ്യം നിർമ്മാർജ്ജനം ചെയ്യുക, കോളനിയിൽ ഒരു കമ്മ്യൂണിറ്റി ഹാളും കളിസ്ഥലവും അനുവദിക്കുക, കോളനി സ്കൂളിന് പുറകുവശത്ത് താമസിക്കുന്ന 16 കുടുംബങ്ങൾക്ക് വഴി നൽകുക തുടങ്ങിയ കോളനി നിവാസികളുടെ ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു (ചേരിക്കൽ പട്ടികജാതി കോളനിയെ സംബന്ധിച്ചത്).

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(9-2-2009-ലെ 20788/ഇ 1/04/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ചേരിക്കൽ പട്ടികജാതി കോളനി സ്കൂളിന് പുറകുവശത്ത് താമസിക്കുന്ന 16 കുടുംബങ്ങൾക്ക് സഞ്ചാരയോഗ്യമായ വിധത്തിൽ വഴി നൽകിയിട്ടുണ്ട്.

നികുതി വകുപ്പിന്റെ മറുപടി

(5-10-2009-ലെ 3824/ജി2/09/നി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ചേരിക്കൽ പട്ടികജാതി കോളനികളിൽ വ്യാജമദ്യ നിർമ്മാണം, വിപണനം എന്നിവ തടയുന്നതിന് ശക്തമായ റെയ്ഡുകൾ നടത്തിവരുന്നു. ചേരിക്കൽ, മൂടിയൂർക്കോണം എന്നീ ഭാഗങ്ങളിൽ ഈ വർഷം അനവധി റെയ്ഡുകൾ നടത്തിയതിന്റെ ഫലമായി ഇവിടെനിന്നും 12 കേസ്സുകൾ എടുത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിൽ ഒട്ടാകെ 210 ലിറ്റർ ചാരായം, 23959 ലിറ്റർ കോട, 90 ലിറ്റർ അരിഷ്ടം എന്നിവ തൊണ്ടിയായി കണ്ടെടുത്തു. തുടർന്നും ഈ മേഖലകളിൽ രഹസ്യാന്വേഷണവും സംയുക്ത റെയ്ഡുകളും നടത്തുന്നതാണ്. ടി കോളനിയിൽ ബോധവൽക്കരണ പരിപാടിയും നടത്തിയിട്ടുണ്ട്. തുടർന്നും വ്യാജമദ്യം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഗതാഗത വകുപ്പിന്റെ മറുപടി

(30-7-2010-ലെ 2068/എ 2/09/ഗതാഗതം നമ്പർ കത്ത് മുഖേന ലഭിച്ചത്)

കെ.എസ്.ആർ.ടി.സി.യുടെ പന്തളം യൂണിറ്റിൽ നിന്നും രാവിലെ 8.30-നും വൈകുന്നേരം 4.30-നും രണ്ട് ട്രിപ്പുകൾ ചേരിക്കലിന് ഓപ്പറേറ്റ് ചെയ്തിരുന്നു. എന്നാൽ, പന്തളം യൂണിറ്റിൽ ഷെഡ്യൂളുകൾ പുനഃക്രമീകരണം നടത്തിയപ്പോൾ ഈ ട്രിപ്പുകൾ ഇല്ലാതായി. ഇപ്പോൾ രണ്ട് പ്രൈവറ്റ് ബസ്സുകൾ ചേരിക്കലിന് സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ നിയമസഭാ സമിതിയുടെ ശിപാർശ മാനിച്ചും, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമെന്ന പരിഗണനവച്ചും പന്തളം യൂണിറ്റിൽ നിന്നും രാവിലെയും വൈകുന്നേരവും ഓരോ ട്രിപ്പുവീതം ചേരിക്കൽ പട്ടികജാതി കോളനിയിലേക്ക് ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നതായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

(9-11-2010-ലെ 10852/പി3/09/ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പത്തനംതിട്ട ജില്ലയിലെ പന്തളം ഗ്രാമപഞ്ചായത്തിൽപ്പെട്ട ചേരിക്കൽ എന്ന സ്ഥലം പന്തളം നഗരത്തിൽനിന്നും പടിഞ്ഞാറ് ഭാഗത്തായി ഏകദേശം 3 കിലോമീറ്റർ ദൂരത്തിൽ സ്ഥിതിചെയ്യുന്നു. പന്തളം നഗരത്തിൽത്തന്നെയുള്ള പന്തളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഏകദേശം മൂന്നര കിലോമീറ്റർ ദൂരം മാത്രമേ ചേരിക്കൽ കോളനിയിലേക്കുള്ളൂ. പന്തളം പ്രാഥമികാരോഗ്യ കേന്ദ്രം ഐ.പി.എച്ച്.എസ്. സ്റ്റാൻഡേർഡിൽ ഉൾപ്പെടുത്തി

ആഴ്ചയിൽ എല്ലാ ദിവസവും 24 മണിക്കൂറും സേവനം നൽകുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥാപനമാണ്. ഈ സാഹചര്യത്തിൽ, പന്തളം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽനിന്നും ഏകദേശം മൂന്ന് കിലോമീറ്റർ മാത്രം അകലത്തിൽ പുതിയതായി ഒരു പ്രാഥമികാരോഗ്യ കേന്ദ്രം ആരംഭിക്കുന്നത് അഭിലഷണീയമല്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(20-6-2011-ലെ 2184/ഡി.ബി3/06/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ചേരിക്കൽ പട്ടികജാതി കോളനിയിൽ പി.എച്ച്. സെന്റർ ഇപ്പോൾ ഉണ്ട്. ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വ്യാജമദ്യ നിർമ്മാർജ്ജനത്തിന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിലവിലില്ല. ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കളിസ്ഥലം ഉണ്ടാക്കുന്നതിന് പ്രൊപ്പോസൽ ജില്ലാ പഞ്ചായത്ത് തീരുമാനിക്കുകയും തുക വകകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കോളനി സ്കൂളിന് പുറകുവശത്ത് താമസിക്കുന്ന 16 കുടുംബങ്ങൾക്ക് സഞ്ചാരയോഗ്യമായ വഴി സ്ഥായിയായി വേണമെന്നുണ്ടെങ്കിൽ വിദ്യാഭ്യാസ വകുപ്പിന്റെ കൈയിൽനിന്നും അതിനുള്ള സ്ഥലം ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഇക്കാര്യം ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ നമ്പർ 18 (ഖണ്ഡിക 23)

മഹാത്മാ ഗാന്ധി പ്രസ്തുത കോളനി സന്ദർശിച്ച അവസരത്തിൽ ഇവിടെ സ്ഥാപിച്ച ഒരു സ്കൂൾ മാത്രമാണ് ഈ കോളനിയിലെ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിനായുള്ള ഏക ആശ്രയം എന്നും അഞ്ചാം ക്ലാസ്സുവരെ മാത്രം അദ്ധ്യയനം ഉള്ള ഈ സ്ഥാപനത്തിൽ ഹെഡ്മിസ്ട്രസ്സിനെ കൂടാതെ രണ്ട് അദ്ധ്യാപകർ ഉണ്ടെങ്കിലും പതിവുപോലെ അദ്ധ്യയനം നടക്കാറില്ല എന്ന വിവരവും സമിതിക്ക് കോളനി നിവാസികളിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നും ഇവിടെ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു (ചേരിക്കൽ പട്ടിജാതി കോളനിയെ സംബന്ധിച്ചത്).

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മറുപടി

(23-7-2008-ലെ 24891/എഫ്1/08/പൊ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

13-6-2007-ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 107/07/പൊ.വി. പ്രകാരം പ്രഖ്യാപിച്ച സർക്കാർ നയമനുസരിച്ച് സംസ്ഥാനത്ത് പുതിയ സ്കൂളുകൾ തുടങ്ങുന്നതിനോ നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുന്നതിന് നിർവ്വാഹമില്ല. ആയതിനാൽ, പത്തനംതിട്ട ജില്ലയിലെ റാന്നി ഉപജില്ലയിൽപ്പെട്ട അട്ടത്തോട് കോളനിയിലെ ട്രൈബൽ

എൽ.പി. സ്കൂളിന് അംഗീകാരം നല്കുന്നതിനുള്ള നിർദ്ദേശവും ഇതേ ജില്ലയിലെ ചേരിക്കൽ ഗവൺമെന്റ് എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശവും ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. പുതിയ നയതീരുമാനം കൈക്കൊള്ളുമ്പോൾ നിർദ്ദിഷ്ട സ്കൂളുകളുടെ കാര്യം പരിഗണിക്കുന്നതിലേക്കായി ഇത് സംബന്ധിച്ച വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ നമ്പർ 19 (ഖണ്ഡിക 24)

കോളനിയിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.യിൽ പ്ലംബർ ട്രേഡിന് മാത്രമാണ് പരിശീലനം നൽകുന്നത്. ഇവിടെ 19 കുട്ടികൾക്ക് പ്രവേശനം ഉണ്ടെങ്കിലും 12 കുട്ടികൾ മാത്രമാണ് ഇപ്പോൾ പഠിക്കുന്നത്. കുട്ടികൾക്ക് യഥാസമയം സ്റ്റൈപ്പന്റും യൂണിഫോമും വിതരണം ചെയ്യാത്തതാണ് കുട്ടികൾ കുറയുവാനുള്ള കാരണമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ യഥാസമയം ഇവ വിതരണം ചെയ്യുന്നതിനും ഇവിടെ പുതിയ കോഴ്സുകൾ കൂടി ആരംഭിച്ച് ഇതിനെ ഒരു മോഡൽ ഐ.ടി.ഐ. ആയി ഉയർത്തുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. സ്ഥിരമായി ഒരു സൂപ്രണ്ടിനെ നിയമിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു (ചേരിക്കൽ പട്ടികജാതി കോളനിയെ സംബന്ധിച്ചത്).

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(10-11-2010-ലെ 19207/എ 1/10/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിൽ പത്തനംതിട്ട ജില്ലയിലെ ചേരിക്കൽ കോളനിയിലുള്ള പന്തളം ഐ.റ്റി.സി.യിൽ എൻ.സി.വി.റ്റി. അഫിലിയേഷൻ ഉള്ള പ്ലംബർ ട്രേഡാണുള്ളത്. 2004-06 വർഷങ്ങളിൽ 57 കുട്ടികൾ അഡ്മിഷൻ എടുക്കുകയും 47 കുട്ടികൾ കോഴ്സ് പൂർത്തിയാക്കുകയും അതിൽ പരീക്ഷ എഴുതിയ 47 പേരിൽ 24 പേർ പാസ്സാകുകയും ചെയ്തിരുന്നു. ഇവിടെ നിലവിൽ 21 കുട്ടികൾ പഠിക്കുന്നുണ്ട്. ഏകവത്സര ട്രേഡായ പ്ലംബർ ട്രേഡിൽ ഒരുവർഷം 21 കുട്ടികൾക്കാണ് പ്രവേശനത്തിന് അർഹതയുള്ളത്.

പുതുതായി ഇവിടെ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (കോപ്പ) ട്രേഡ് തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഐ.റ്റി.സി.യെ മോഡൽ റസിഡൻഷ്യൽ ഐ.റ്റി.സി. ആയി മാറ്റുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി, പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഐ.റ്റി.സി. ട്രെയിനികൾക്ക് യഥാസമയം സ്റ്റൈപ്പന്റ്, യൂണിഫോം അലവൻസ്, ലംപ്സം ഗ്രാന്റ് എന്നിവ വിതരണം ചെയ്യുന്നുണ്ട്. ഐ.റ്റി.സി.യിൽ ഇപ്പോൾ സ്ഥിരമായി സൂപ്രണ്ടുമുണ്ട്.

ശിപാർശ നമ്പർ 20 (ഖണ്ഡിക 26)

കോളനിയിലെ പഞ്ചായത്ത് വക പ്രൈമറി സ്കൂളിന് അംഗീകാരം ഇല്ലാത്തതിനാൽ കുട്ടികൾക്ക് സ്റ്റൈപ്പന്റും, അദ്ധ്യാപകർക്ക് ശമ്പളവും ലഭിക്കുന്നില്ല എന്നും കുട്ടികൾക്ക്

മറ്റൊരു സ്കൂളിൽ പോയി പഠിക്കണമെങ്കിൽ 4.5 കിലോമീറ്റർ സഞ്ചരിക്കണമെന്നും കോളനി നിവാസികൾ സമിതിയെ ധരിപ്പിച്ചു. സ്കൂൾ നിർമ്മാണത്തിനായി 2000-ാമാണ്ടിൽ അനുവദിച്ച ഒന്നര ലക്ഷം രൂപ ഉപയോഗിച്ച് അടിത്തറ മാത്രമാണ് നിർമ്മിച്ചിരിക്കുന്നത്. ഇത് പൂർത്തിയാക്കുന്നതിനും സ്കൂളിനെ ഒരു ഏകാദ്ധ്യാപക വിദ്യാലയമാക്കി മാറ്റി, സ്കൂളിന് അംഗീകാരം നൽകുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും കോളനിയിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടി പുനഃസ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കോളനിയിൽ ഊരുകൂട്ടം തീരുമാനിച്ചാൽ ജില്ലാ പഞ്ചായത്തിൽ നിന്നും സ്കൂൾ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനാൽ, ഊരുകൂട്ടം, അടിയന്തരമായി കൂടി ഇതിന്മേൽ തീരുമാനം എടുക്കണമെന്ന് സമിതി ബന്ധപ്പെട്ടവരോട് നിർദ്ദേശിച്ചു (അട്ടത്തോട് പട്ടികജാതി കോളനിയെ സംബന്ധിച്ചത്).

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മറുപടി

(23-7-2008-ലെ 24891/എഫ്1/08/പൊ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

13-6-2007-ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 107/07/പൊ.വി. പ്രകാരം പ്രഖ്യാപിച്ച സർക്കാർ നയമനുസരിച്ച് സംസ്ഥാനത്ത് പുതിയ സ്കൂളുകൾ തുടങ്ങുന്നതിനോ നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുന്നതിന് നിർവ്വാഹമില്ല. ആയതിനാൽ പത്തനംതിട്ട ജില്ലയിലെ റാന്നി ഉപജില്ലയിൽപ്പെട്ട അട്ടത്തോട് കോളനിയിലെ ട്രൈബൽ എൽ.പി. സ്കൂളിന് അംഗീകാരം നല്കുന്നതിനുള്ള നിർദ്ദേശവും ഇതേ ജില്ലയിലെ ചേരിക്കൽ ഗവൺമെന്റ് എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശവും ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. പുതിയ നയതീരുമാനം കൈക്കൊള്ളുമ്പോൾ നിർദ്ദിഷ്ട സ്കൂളുകളുടെ കാര്യം പരിഗണിക്കുന്നതിലേക്കായി ഇത് സംബന്ധിച്ച വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(20-6-2011-ലെ 2184/ഡി.ബി3/06/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപ്പെട്ടതാകയാൽ അട്ടത്തോട് കോളനി ഉൾപ്പെടുന്ന റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത്, പ്രോജക്ട് രൂപീകരിച്ച് ഫണ്ടിന് ആവശ്യപ്പെടുന്ന പക്ഷം ജില്ലാ പഞ്ചായത്തിൽ നിന്നും പദ്ധതി വിഹിതം വകയിരുത്തി തുക ലഭ്യമാക്കുന്നതാണ്.

ശിപാർശ നമ്പർ 21 (ഖണ്ഡിക 28)

വനഭൂമിയിൽ പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് മേൽക്കൂരമാത്രം മറച്ചിട്ടുള്ള 13 താൽക്കാലിക ഷെഡ്ഡുകളിലായി 52 പേർ ഇവിടെ താമസിക്കുന്നു. യാതൊരു ഗവൺമെന്റ് രേഖകളും കയ്യിലില്ലാത്ത ഇവർക്ക് സ്ഥിരമായ വരുമാനമില്ല എന്നും ഒരു മാസമായി അരി ലഭിക്കുന്നില്ല എന്നും സമിതിക്ക് ബോദ്ധ്യമായി. ഇവർക്ക് റേഷൻ, കമ്പിളി എന്നിവ ലഭ്യമാക്കുന്നതിനും വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു (മൂഴിയാർ, മലമ്പണ്ടാരം കോളനിയെ സംബന്ധിച്ചത്).

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(9-2-2009-ലെ 20788/ഇ 1/04/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഉൾവനത്തിൽ സ്ഥിതിചെയ്യുന്ന മൂഴിയാർ കോളനിയിൽ സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനോ കൃഷി ചെയ്യുന്നതിനോ വനം വകുപ്പ് അനുവാദം നൽകുന്നില്ല. ആയതിനാൽ, ടി കോളനി നിവാസികൾക്ക് വീട്, വൈദ്യുതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടില്ല. ടി കോളനി നിവാസികൾക്ക് ഇരുനാഥൻമണ്ണ് കോളനിയിൽ വീട് നിർമ്മിച്ചു നൽകിയിരുന്നുവെങ്കിലും ടിയാളുകൾ അവിടെ താമസിക്കുന്നില്ല. 2006 വനാവകാശ നിയമമനുസരിച്ച് ഇവർ വസിക്കുന്ന വനപ്രദേശത്തെ അവകാശം സംരക്ഷിക്കുവാനാകുമോയെന്ന് പരിശോധിക്കുന്നതിന് റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മഴക്കാലത്ത് മാറിമാറി താമസിക്കുന്ന ഇവർ മറ്റു സമയങ്ങളിൽ വനവിഭവങ്ങളുടെ ശേഖരണാർത്ഥം ഉൾവനങ്ങളിൽ താമസിക്കുകയാണ്. മൂഴിയാറിലെ 13 കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകിയിട്ടുണ്ട്. ARD 105 എന്ന നമ്പരുള്ള റേഷൻ കടയിൽ ടി കാർഡുകൾ സൂക്ഷിക്കുകയാണ് പതിവ്. 2004-05 സാമ്പത്തികവർഷം പ്രത്യേകം കേന്ദ്ര സഹായ പദ്ധതി പ്രകാരം ഓരോ കുടുംബത്തിനും കമ്പിളി നൽകിയിട്ടുണ്ട്. ഫുഡ് സപ്പോർട്ട് പദ്ധതി പ്രകാരം ജില്ലയിൽ സൗജന്യ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന കുടുംബങ്ങളിൽ ടി കോളനി നിവാസികളെയും ഉൾപ്പെടുത്തി ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലവർഷക്കാലത്തും ഡിസംബർ ജനുവരി മാസത്തിലും സൗജന്യ ഭക്ഷ്യധാന്യം വിതരണം നടത്തിവരുന്നുണ്ടെന്നും പട്ടികവർഗ്ഗ വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(20-6-2011-ലെ 2184/ഡി.ബി3/06/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഇ.എം.എസ്. ഭവന പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അർഹതയുള്ള എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുന്നതാണ്. കൂടാതെ ഐ.എ.വൈ. പദ്ധതി പ്രകാരവും ഗ്രാമപഞ്ചായത്തുകൾ തിരഞ്ഞെടുക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർവഴി ജില്ലാ പഞ്ചായത്ത് നൽകുന്നുണ്ട്.

ശിപാർശ നമ്പർ 22 (ഖണ്ഡിക 29)

കേരളത്തെപ്പോലെ വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും ഉയർന്ന ഒരു സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളുടെ ആനുകൂല്യങ്ങൾ യഥാസമയം ഇവർക്ക് ലഭ്യമാകുന്നുണ്ടോ എന്നും അവ ശരിയാംവണ്ണം വിനിയോഗിക്കുന്നുണ്ടോ എന്ന് കണ്ടെത്തുവാനും അതിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10/2015. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(20-6-2011-ലെ 2184/ഡി.ബി3/06/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ ക്കാരുടെ ക്ഷേമ പ്രവർത്തനങ്ങളുടെ ആനുകൂല്യങ്ങൾ യഥാസമയം അവർക്ക് ലഭ്യമാക്കുന്നതിന് ജാഗ്രത പുലർത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 11.